32

# പത്രൊസിനെ പരവതാനിയിലേക്കു വിളിച്ചപ്പോൾ

## (11:1-18)

പഴയ കാലത്തിൽ, ഇംഗ്ലണ്ടിലെ ഭവനങ്ങളിൽ, പലപ്പോഴും വിരുന്നു മുറികളിലും സൽക്കാരമുറികളിലും മാത്രമെ പരവതാനികൾ വിരിച്ചിരുന്നുള്ളു. ആ വീട്ടിലെ യജമാനന്റെ അടുക്കലേക്കു വിളിക്കുമ്പോൾ (സാധാരണ കർക്കശ ശാസനക്കായിരിക്കും) പറയുന്നതാണ് "കാൾഡ് ഓൺ ദി കാർപ്പെറ്റ്," അല്ലെങ്കിൽ "കാർപ്പെറ്റഡ്" എന്ന്. അടുത്ത കാലത്ത്, ഇംഗ്ലീഷുകാരുടെ സമൂഹത്തിൽ ആളുകളെ "ഓൺ ദി കാർപ്പെറ്റ്" എന്നു വിളിക്കുന്ന രീതി കടമെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർ ഒരന്വേഷണം ആരംഭിക്കുമ്പോൾ, തുറന്ന മേശയുടെ ഒരറ്റത്ത് ഒരു കഷണം പരവതാനി ഇട്ടിരിക്കും. ചോദ്യം ചെയ്യലിനിടയിൽ, അന്വേഷണം നടത്തുന്നവർ മേശക്കു ചുറ്റും ഇരുന്നു, കുറ്റവാളിയെ അവർക്കു മുൻപിൽ – പരവതാനിയിൽ നിർത്തും. ലോകത്തിൽ പല സ്ഥലങ്ങളിലും, ''കാൾഡ് ഓൺ ടു കാർപ്പെറ്റ്'' എന്നതിന്റെ അർത്ഥം "ഒരാളുടെ കണക്കു കൊടുക്കാൻ വിളിക്കൽ'' എന്നാണ്.

പരവതാനിയിലേക്കു വിളിക്കുക എന്നതു സന്തോഷമുള്ള കാര്യമല്ല, ചിലപ്പോൾ നമുക്കു പലർക്കും അങ്ങനെ സംഭവിച്ചിരിക്കാം. അപ്പൊസ്തലനായിരുന്ന പത്രൊസിനെ പോലും പരവതാനിയിലേക്കു ക്ഷണിച്ചിട്ടുണ്ട്.[1]

കൊർന്നെല്യൊസിന്റേയും അവന്റെ ഭവനത്തിലുള്ളവുടെയും, പരിവർത്തനങ്ങളെ നാം പഠിച്ചപ്പോൾ പത്രൊസിന്റെയും ആറു യെഹൂദസാക്ഷികളുടെയും എതിർപ്പിനെ ദൈവം എങ്ങനെ അതിജീവിച്ചു എന്നു നാം കണ്ടു. ജാതികളെ സഭയിലേക്കു സ്വീകരിക്കുവാൻ ഇവർക്കു സംശയം നേരിട്ടതുകൊണ്ട്, മറ്റു യെഹൂദപുരുഷാരവും സംശയാലുക്കളായതിൽ സംശയിക്കാനില്ല – അതുകൊണ്ടു, പത്രൊസ്, യെരുശലേമിൽ മടങ്ങിയെത്തിയപ്പോൾ അവൻ ചോദ്യം ചെയ്യപ്പെട്ടു.

നമ്മെ പരവതാനിയിലേക്കു ക്ഷണിച്ചാൽ നമ്മുടെ പ്രതികരണം എന്തായിരിക്കും? വിമർശകരുടെ മുൻപിൽ പത്രോസ് നിന്നപ്പോൾ, അവന്റെ പ്രതികരണവും അതിന്റെ ഫലവും എന്തായിരുന്നു എന്നു നമുക്കു നോക്കാം.

## ഞെട്ടിക്കുന്ന പ്രതികരണം (11:1-3)

"ജാതികളും ദൈവവചനം കൈക്കൊണ്ടു എന്നു അപ്പൊസ്തലന്മാരും യെഹൂദ്യയിലുള്ള സഹോദരന്മാരും കേട്ടു" (വാക്യം 1). പത്രൊസ് കൈസര്യയിലായിരുന്നപ്പോൾ, അവന്റെ പ്രവർത്തികളെക്കുറിച്ചു യെഹൂദ്യയിലൊക്കെയും കിംവദന്തികൾ പരന്നിരുന്നു. വിശദാംശങ്ങളിൽ ചിലത് വാസ്തവമായിരുന്നെങ്കിലും, പലതും അസത്യമായിരുന്നു എന്നതിൽ സംശയമില്ല (ഒരു കുതിരപ്പന്തയക്കാരൻ തന്റെ പന്തയക്കുതിരകളിൽ ഒന്നിനു "ബാഡ് ന്യൂസ്" എന്നു പേരിട്ടതു ഞാൻ വായിക്കയുണ്ടായി. ഈ അസാധാരണ പേരിടാനുള്ള കാരണം, ചോദിച്ചപ്പോൾ പറഞ്ഞു, "ബാഡ് നൂസ് ട്രാവെൽ ഫാസ്റ്റ്").

പത്രൊസ് പിന്നീട് യെരുശലേമിൽ മടങ്ങി വന്നു.[2] "പത്രൊസ് യെരുശലേമിൽ എത്തിയപ്പോൾ, പരിച്ഛേദനക്കാർ[3] അവനോടു വാദിച്ചു, 'നീ അഗ്രചർമ്മികളുടെ[4] അടുക്കൽ ചെന്നു അവരോടു കൂടെ ഭക്ഷിച്ചു എന്നു പറഞ്ഞു'" (വാക്യങ്ങൾ 2, 3). "പരിച്ഛേദനക്കാർ" എന്ന പദപ്രയോഗം "യെഹൂദന്മാർ," എന്നാണ് അർത്ഥമാക്കുന്നത്, പക്ഷെ ഈ വാക്യത്തിൽ യെഹൂദക്രിസ്ത്യാനികളെയാണ് സൂചിപ്പിക്കുന്നത്. ആദ്യത്തെ വാക്യത്തിൽ പറഞ്ഞ ആളുകളാണിവർ, "യെഹൂദ്യയിലെ അപ്പൊസ്തലന്മാരും സഹോദരന്മാരും," അതു യെരുശലേം സഭയിലെ ന്യായപ്രമാണം മുറുകെ പിടിക്കുന്ന[5] (അവർ "പരീശപക്ഷത്തിലെ ചിലരായിരുന്നേക്കാം" [15:5] അവർ പിന്നീടു പ്രശ്നമുണ്ടാക്കി). അവർ പത്രൊസിനെ പരവതാനിയിലേക്കു വിളിച്ചത് സൂചിപ്പിക്കുന്നത് മറ്റു അപ്പൊസ്തലന്മാർക്കു അവരെ നിശബ്ദരാക്കാൻ കഴിഞ്ഞില്ല എന്നാണ്.[6] (യാദൃശ്ചികമായി, "സഭയിലെ സാധാരണ അംഗങ്ങൾക്ക്" പത്രൊസിനെ കണക്കു കൊടുക്കാൻ വിളിക്കാമായിരുന്നത് സൂചിപ്പിക്കുന്നത് അവൻ ചിലർ അവകാശപ്പെടുന്നതു പോലെ "സഭയുടെ തെറ്റു പറ്റാത്ത തല" അല്ലെന്നാണ്.)

"നീ പോയി അഗ്രചർമ്മികളെ *സ്നാനപ്പെടുത്തി*" എന്നായിരുന്നില്ല പത്രൊസിനെതിരായ ആരോപണം, എന്നാൽ "നീ പോയി പരിച്ഛേദന ഏല്ക്കാത്തവരോട് ചേർന്നു *ഭക്ഷിച്ചു*"[7] എന്നായിരുന്നു (എംഫസിസ് മൈൻ). ജാതികളെ സഭയിലേക്കു സ്വീകരിക്കുന്നതിനുള്ള വലിയ തടസ്സം *കൂട്ടായ്മയായിരുന്നു.* ജാതികളോടു ബന്ധപ്പെടാത്തിടത്തോളം അവർ സ്നാനപ്പെട്ടാലും വിമർശകർക്കു പ്രശ്നമില്ലായിരുന്നു, എന്നാൽ ജാതികൾ അവരോടൊപ്പം ഇരുന്ന് ആരാധിക്കുന്നതും കൂട്ടായ്മ വിരുന്ന് ഭക്ഷിക്കുന്നതും അവർക്കു സഹിക്കാവുന്നതല്ല![8] (വേർപിരിക്കപ്പെട്ട ഇടവകകൾ അവർക്കിഷ്ടമാകുമായിരുന്നു.)

നമ്മുടെ സംഭവം, അതുകൊണ്ടു, പത്രൊസിന്റെ പ്രവർത്തികളെ വിമർശിച്ചതുതൊട്ട് തുടങ്ങുന്നു, എന്നാൽ അതല്ല നമ്മുടെ പ്രഥമ ലക്ഷ്യം. വിമർശകരിലോ വിമർശനങ്ങളിലോ ഒരു പുതുമയുമില്ല. പത്രൊസിന്റെ

പ്രതികരണത്തിലാണ് നമ്മുടെ പാഠം തുടങ്ങുന്നത്.

**പത്രൊസ് എന്തു ചെയ്തില്ല (11:4-17)**

പത്രൊസിന്റെ ഭാഗത്തു നിന്നു പ്രതികരിക്കാതി*രുന്ന* വസ്തുതകൾ ശ്രദ്ധിച്ചു നമുക്കു തുടങ്ങാം. ആദ്യം, പത്രൊസിനെ പരവതാനിയിലേക്കു വിളിച്ചപ്പോൾ അവൻ അതിശയി*ച്ചില്ല*. വാസ്തവത്തിൽ, അവൻ പ്രതീക്ഷിച്ചതായിരുന്നു. അവൻ തന്നോടൊപ്പം ആറു യെഹൂദ പുരുഷന്മാരെ കൈസര്യയിലേക്കു കൊണ്ടു പോയി (10:23, 45–47). അവരെ യോപ്പയിലേക്കു അയക്കുന്നതിനു പകരം യെരുശലേമിലേക്കു കൂടെ കൊണ്ടു വന്നു (11:12). സാധാരണമല്ലാത്ത എന്തെങ്കിലും ഞാനും നിങ്ങളും ചെയ്യുമ്പോൾ, വിമർശനം വരുമ്പോൾ അതിശയിക്കരുത്. ചരിത്രത്തിൽ മഹാനായിരുന്ന് വിൻസ്റ്റൺ ചർച്ചിൽ, ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ട ആയിരുന്നു. അദ്ദേഹം വിമർശനത്തെ "ഒരിക്കലും നിങ്ങളെ ചെറുതാക്കാത്ത ഒരു വ്യാപാരച്ചരക്ക്"[9] എന്നാണ് വിളിച്ചത്.

രണ്ടാമതു, അവനെ പരവതാനിയിലേക്കു വിളിച്ചപ്പോൾ പത്രൊസ് എതിർ*ത്തില്ല*. "എന്നോടു വെല്ലു വിളിക്കാൻ നിങ്ങൾക്കെങ്ങനെ ധൈര്യമുണ്ടായി! ഞാനൊരു അപ്പൊസ്തലൻ, വാസ്തവത്തിൽ, അപ്പൊസ്തലന്മാരുടെ നായകൻ! യേശു *എനിക്കു* സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ തന്നിരിക്കുന്നത് മറക്കരുത്!" എത്ര സ്വാധീനമുള്ളവനായാൽപോലും, ആരും പരിശോധനയിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല.

മൂന്നാമത്, പത്രൊസ് ദയവോടെ*യല്ല* പ്രതികരിച്ചത്. 2–ാം വാക്യത്തിലെ "അവനോടു വാദിച്ചു" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് അവർ പത്രൊസിനോടു കഠിനമായി പെരുമാറി എന്നാണ്. എൻഐവി പറയുന്നത് അവർ "അവനെ വിമർശിച്ചു" എന്നാണ്; എംഫസൈസ്ഡ് ന്യു ടെസ്റ്റമെന്റിൽ അവർ "അവനിൽ കുറ്റാരോപണം നടത്താൻ തുടങ്ങി" എന്നാണ്. പത്രൊസിനു തന്നെ വിമർശിച്ചവരോട് തിരിച്ചു അവരുടെ കുറ്റങ്ങൾ ചൂണ്ടിക്കാണിക്കാമായിരുന്നു – എന്നാൽ അവൻ അതു ചെയ്തില്ല. അത്തരം പ്രതികരണം, സ്വാഭാവികമാണെങ്കിലും, ഒരു നേട്ടവുമുണ്ടാക്കുകയില്ല. ബൈബിൾ നമ്മോടു പറയുന്നത്, തിന്മക്കു പകരം നന്മ ചെയ്യുക എന്നാണ് (ലൂക്കൊസ് 6:27; റോമർ 12:21).

ക്രിസ്തുവിനു എങ്ങനെ ആളുകളെ മാറ്റാൻ കഴിയുമെന്നാണ് പത്രൊസിന്റെ ശാന്തവും ക്രമവുമായ പ്രതികരണം കാണിക്കുന്നത്. സുവിശേഷ വിവരണങ്ങളിൽ പത്രൊസിനെ ഒരു വികാരജീവിയായിട്ടാണ് നാം മനസ്സിലാക്കുന്നത്, പെട്ടെന്നു മനസ്സിലുള്ളത് പറയുന്ന ആളായിരുന്നു. പ്രവർത്തികൾ 11 ലേതുപോലെ മുൻപായിരുന്നു, പത്രൊസിനെ ആക്രമിച്ചിരുന്നതെങ്കിൽ, പത്രൊസ് കിട്ടിയത് തിരിച്ചു കൊടുക്കുമായിരുന്നു – യെരുശലേമിലെ സഭ ഭിന്നിക്കുകയും ചെയ്തേനെ. പക്വതയിലെത്താൻ പത്രൊസിനെ കർത്താവ് സഹായിച്ചു.

**പത്രൊസ് എന്തു ചെയ്തു (11:4-17)**

പത്രൊസിനെ പരവതാനിയിലേക്കു വിളിച്ചപ്പോൾ അവൻ എന്തു *ചെയ്തു?* തന്നെ കുറ്റപ്പെടുത്തിയപ്പോൾ സ്നേഹിതരോടു ഈ മോശ

മായ സ്ഥിതി അറിയിക്കുന്നതിനു പകരം കുറ്റം ആരോപിച്ചവരെ മുഖാമുഖമായി നേരിട്ടു. അവൻ "പരവതാനിയുടെ ചതുരത്തിൽ തന്നെ നിന്നു," വിമർശകരുടെ കണ്ണിൽ തന്നെ നോക്കി നിന്നു. യേശു തന്നെയാണത് പഠിപ്പിച്ചത് "നിന്റെ സഹോദരന്നു നിന്നോടു എന്തെങ്കിലും വിരോധമുണ്ടെങ്കിൽ," നീ *ഒന്നാമതു* നിരന്നുകൊൾക (മത്തായി 5:23, 24). പത്രൊസ് ചെയ്തതു – നിങ്ങളും ഞാനും ചെയ്യണം.

രണ്ടാമതു, അമിതമായി പ്രതികരിക്കുന്നതിനു പകരം, അവൻ ശാന്തനായിരുന്നു. വികാരം വികാരത്തെ പുറപ്പെടുവിക്കുന്നു. നിങ്ങൾ വിമർശിക്കപ്പെടുമ്പോൾ അമിതാവേശം കാണിച്ചാൽ, നിങ്ങളെ വിമർശിച്ചവരോടു അല്പം ശാന്തത വന്നിട്ടു വേണം സംസാരിക്കുവാൻ.

മൂന്നാമതു, പത്രൊസ് തന്റെ വിചാരങ്ങളെ ചിട്ടപ്പെടുത്തി വസ്തുതകൾ അവതരിപ്പിച്ചു: "പത്രൊസ് കാര്യം ആദി മുതൽ ക്രമമായി അവരോടു വിവരിച്ചു പറഞ്ഞത്, ..." (വാക്യം 4). തണുത്ത വസ്തുതകൾക്കല്ലാതെ ചൂടുള്ള കിംവദന്തികളെ തണുപ്പിക്കാൻ മറ്റൊന്നിനും സാദ്ധ്യമല്ല.

പത്രൊസ് തനിക്കുണ്ടായ ദർശനത്തെക്കുറിച്ചു പറയാൻ തുടങ്ങി:[10]

> ഞാൻ യോപ്പാ പട്ടണത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ; വിവശതയിൽ ഒരു ദർശനം കണ്ടു, ആകാശത്തിൽ നിന്നു നാലു കോണും കെട്ടി ഇറക്കിയ വലിയ തുപ്പട്ടി പോലെ; ഒരു പാത്രം എന്റെ അടുക്കലോളം വന്നു, അതിൽ ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ ഭൂമിയിലെ നാൽ – ക്കാലികളെയും കാട്ടു മൃഗങ്ങളെയും ഇഴജാതികളെയും അകാശത്തിലെ പറവകളെയും കണ്ടു (വൊക്യങ്ങൾ 5, 6).

പത്രൊസ് തന്റെ ദർശനം വിവരിച്ചപ്പോൾ, അവൻ വിമർശനങ്ങൾക്ക് ബുദ്ധിയോടെ മറുപടി പറഞ്ഞു: അവരുടെ ചിന്താഗതി താൻ മനസ്സിലാക്കിയെന്നു പത്രൊസ് വിമർശകർക്കു കാണിച്ചു കൊടുത്തു. "പത്രൊസേ, 'എഴുന്നേറ്റ് അറുത്തു തിന്നുക' എന്നു എന്നോടു പറയുന്നോരു ശബ്ദവും കേട്ടു, അതിന്നു ഞാൻ 'ഒരിക്കലും പാടില്ല, കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഒരിക്കലും എന്റെ വായിൽ ചെന്നിട്ടില്ലല്ലൊ എന്നു പറഞ്ഞു'" (വാക്യങ്ങൾ 7, 8)[11]. മറ്റൊരർത്ഥത്തിൽ, പത്രൊസ് പറഞ്ഞു, "ഞാൻ ചെയ്തതിൽ നിങ്ങൾ അസന്തുഷ്ടരായതു ഞാൻ മനസിലാക്കുന്നു. കുറച്ചു ദിവസം മുൻപു വരെ, ഞാനും നിങ്ങളെപ്പോലെയാണ് ചിന്തിച്ചിരുന്നത്!" വിമർശനത്തിനു മറുപടി പറയുമ്പോൾ, വിമർശകർ അങ്ങനെ പ്രതികരിക്കാൻ കാരണം എന്തെന്നു മനസ്സിലാക്കണം.

പത്രൊസ് തന്റെ ദർശന വിവരണം തുടർന്നു: "ആ ശബ്ദം പിന്നെയും ആകാശത്തിൽ നിന്നു, 'ദൈവം ശുദ്ധീകരിച്ചത് നീ മലിനം എന്നു വിചാരിക്കരുത്' എന്നുത്തരം പറഞ്ഞു. ഇതു മൂന്നു പ്രാവശ്യം ഉണ്ടായി, പിന്നെ എല്ലാം ആകാശത്തിലേക്കു തിരിച്ചെടുത്തു" (വാക്യങ്ങൾ 9, 10). "ദൈവം" എന്ന വാക്ക് നിങ്ങളുടെ മനസ്സിൽ അടിവരയിടുക. പത്രൊസിന്റെ സംസാരത്തിൽ, പത്തോ അതിലധികമോ പ്രാവശ്യം ദൈവം എന്ന വാക്ക് പറഞ്ഞിട്ടുണ്ട്. പത്രൊസിന്റെ പ്രതിരോ

ധത്തിൽ, *താൻ* ആഗ്രഹിച്ചതല്ല, പിന്നെയൊ *ദൈവം* പറഞ്ഞതാണ് ചെയ്തത് എന്നു വ്യക്തമാക്കി. നമുക്കു പത്രൊസിനു ലഭിച്ച പോലെ ദർശനം ലഭിക്കയില്ല, എന്നാൽ അവന്റെ ഇഷ്ടം പറയുവാനുള്ള തിരുവെഴുത്ത് നമ്മുക്കുണ്ട്. നാം എന്തെങ്കിലും ചെയ്യുമ്പോൾ വിമർശനം ഉണ്ടാകുമ്പോൾ, "നമ്മുടെ പ്രവർത്തിക്കു പുസ്തകവും, അദ്ധ്യായവും, വാക്യവും" എടുക്കുന്നതാണ് ബുദ്ധി.

പത്രൊസ് തുടർന്നപ്പോൾ, ദൈവകരുണയാലുള്ള സഹായത്തെ ഊന്നിപ്പറയുന്നു: "*അപ്പോൾ തന്നേ* കൈസര്യയിൽ നിന്നു എന്റെ അടുക്കൽ അയച്ചിരുന്ന മൂന്നു പുരുഷന്മാർ ഞങ്ങൾ പാർത്ത വീട്ടിന്റെ മുമ്പിൽ നിന്നിരുന്നു, ഒന്നും സംശയിക്കാതെ അവരോടുകൂടെ പോകുവാൻ ആത്മാവ് എന്നോട് കല്പിച്ചു. ഈ ആറു സഹോദരന്മാരും എന്നോടുകൂടെ പോന്നു" (വാക്യങ്ങൾ 11, 12; എംഫസിസ്മൈൻ) ദൈവത്തിന്റെ സമയം പത്രൊസിന്ന് ഇഷ്ടമായി.

പിന്നെ താൻ പറഞ്ഞത് സത്യമാണെന്നു പത്രൊസ് തെളിയിച്ചു. പ്രത്യേകിച്ച്, തന്നോടുകൂടെ ഉണ്ടായിരുന്ന യെഹൂദസാക്ഷികളെ സൂചിപ്പിച്ചു: "ഈ ആറു സഹോദരന്മാരും [പത്രൊസ് ഒരുപക്ഷെ കൂടെയുണ്ടായിരുന്നവരെ ചൂണ്ടിക്കാണും] എന്നോടൊപ്പം പോന്നു" (വാക്യം 12). സാക്ഷികളുടെ പ്രാധാന്യം പഴയനിയമത്തിലും പുതിയ നിയമത്തിലും പറയുന്നുണ്ട് (ആവർത്തനപുസ്തകം 17:6; മത്തായി 18:16). പത്രൊസ് ദൈവശ്വാസിയ അപ്പൊസ്തലനാണെങ്കിലും, താൻ പറയുന്നതുകൊണ്ട് മാത്രം കാര്യമായെടുക്കണമെന്നു പത്രൊസ് പറഞ്ഞില്ല. ചിലപ്പോൾ നമ്മെ പരവതാനിയിലേക്കു വിളിക്കുമ്പോൾ, നാം പറയുന്നത് ആളുകൾ മുഖവിലക്കെടുക്കാഞ്ഞാൽ നമ്മുടെ വികാരം വൃണപ്പെടും. ആദിമസഭയിലെ ഏറ്റവും നന്നായി – അറിയപ്പെട്ട അദ്ധ്യക്ഷനു പോലും അതിശയിച്ച പ്രവൃത്തി എന്തുകൊണ്ടായിരുന്നു എന്നതിന് യോജിക്കുന്ന തെളിവ്, കൊടുക്കേണ്ടിയിരുന്നോ?

ആ ആറു സാക്ഷികളുടെ സ്ഥിരീകരണത്താൽ ആ സംഭവം ഉറപ്പിച്ചു, പത്രൊസ് പോരാട്ട പോയിന്റിലേക്കു വന്നു:

> ... ഒന്നും സംശയിക്കാതെ അവരോടുകൂടെ പോകുവാൻ ആത്മാവു എന്നോടു കൽപ്പിച്ചു. ഈ ആറു സഹോദരന്മാരും എന്നോടുകൂടെ പോന്നു. ഞങ്ങൾ ആ പുരുഷന്റെ വീട്ടിൽ[12] ചെന്നു. അവൻ തന്റെ വീട്ടിൽ ഒരു ദൂതൻ നിൽക്കുന്നതു കണ്ടു എന്നും "നീ യോപ്പയിലേക്കു ആളയച്ചു, പത്രൊസ് എന്നു മറുപേരുള്ള ശീമോനെ വരുത്തുക; നീയും നിന്റെ ഗൃഹവും രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിന്നോടു സംസാരിക്കും, എന്നു ദൂതൻ പറഞ്ഞു എന്നും ഞങ്ങളോടു അറിയിച്ചു" (വാക്യങ്ങൾ 12–14).

ദൈവം പ്രചോദിപ്പിച്ചു – പത്രൊസ് മാത്രമല്ല,അയക്കപ്പെട്ട ജാതികളും.

അവസാനം, പത്രൊസ് കൈസര്യയിൽ ആ ദിവസത്തിലെ നിർണ്ണായക നിമിഷത്തിലെത്തി: "ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു, പരിശുദ്ധാത്മാവു ആദിയിൽ[13] നമ്മുടെ മേൽ[14] എന്നപോലെ അവരുടെ മേലും

വന്നു. അപ്പോൾ ഞാൻ, 'യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കോ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കർത്താവു പറഞ്ഞ വാക്ക് ഓർത്തു'" (വാക്യങ്ങൾ 15, 16; 1:5). പത്രൊസിന്റെ കേൾവിക്കാർ അതിശയിക്ക തന്നെ ചെയ്തു. ആ ആറു സാക്ഷികളുടെ നേരെ തിരിഞ്ഞു അവർ ഇങ്ങനെ ചോദിച്ചുകാണുമെന്നു ഞാൻ ഊഹിക്കുന്നു, "അതു വാസ്തവത്തിൽ സംഭവിച്ചോ? പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാർക്കു ലഭിച്ചതുപോലെ *ജാതികൾക്കും* പരിശുദ്ധാത്മസ്നാനം ലഭിച്ചോ?" ആ ആറു പേർ തലയാട്ടുന്നതു എനിക്കു കാണാം; പത്രൊസ് പറഞ്ഞതുപോലെ തന്നെയാണ് അവിടെ സംഭവിച്ചത്.

തന്റെ ചിട്ടയോടെയുള്ള വിവരങ്ങൾ അവസാനിപ്പിക്കാൻ പത്രൊസ് ഒരുങ്ങി: "ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ[15] വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ, അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തുവെങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?" (വാക്യം 17). പത്രൊസ് ചോദിച്ചതിന്റെ സൂചന, "എന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ, *നിങ്ങൾ* ദൈവത്തിനെതിരായി നില്ക്കുമോ?" എന്നായിരുന്നു. നിങ്ങളെ പരവതാനിയിലേക്കു വിളിക്കുമ്പോൾ, നിങ്ങളെ നിമർശകരുടെ സ്ഥാനത്ത് നിർത്തുന്നത് ബുദ്ധിയാണെന്നു മാത്രമല്ല; അവരെ നിങ്ങളുടെ സ്ഥാനത്ത് വെക്കുന്നതും വിലയുള്ളതാണ്.

സമയമെടുത്ത് പത്രൊസിനെ കണക്കു കൊടുക്കാൻ വിളിച്ചപ്പോൾ അവന്റെ പ്രതികരണം പഠിക്കുക.[16] അങ്ങനെ അടുത്ത പ്രാവശ്യം ആരെങ്കിലും നിങ്ങളെ വിമർശിക്കുമ്പോൾ അതിനെന്നായി നേരിടാൻ ഒരുങ്ങാൻ കഴിയും.

### തൃപ്തിപ്പെടുത്തുന്ന ഫലം (11:18)

18-ാം വാക്യത്തിൽ വിവരിച്ചിരിക്കുന്ന ഫലത്തേക്കാൾ തൃപ്തികരമായ മറ്റൊന്ന് ഊഹിക്കാൻ പ്രയാസമാണ്. വാക്യം തുടരുന്നു, "അവർ ഇതു കേട്ടപ്പോൾ, ..." പത്രൊസിന്റെ വിമർശകർ ശ്രദ്ധിക്കാൻ തുടങ്ങി. വിയോജിപ്പുകൾ നീക്കുവാൻ പലപ്പോഴും ആശയവിനിമയമാണ് വേണ്ടത്, ആശയവിനിമയത്തിന് പൊതുവിൽ വേണ്ടത് *ശ്രദ്ധിക്കുവാനുള്ള* മനോഭാവമാണ്.

അടുത്തത്, വാക്യം പറയുന്നു "അവർ മിണ്ടാതിരുന്നു" (വാക്യം 18). സ്പഷ്ടമായി, പത്രൊസുമായുള്ള ഏറ്റുമുട്ടൽ *ശബ്ദായമാന* കാര്യം തന്നെയായിരുന്നു. കുറ്റാരോപണങ്ങൾ നിരത്തി, കോപം ജ്വലിച്ചു കാണും, ശബ്ദം ഉയർന്നിരിക്കും – എന്നാൽ പത്രൊസിന്റെ ശാന്തമായ പ്രതികരണം കൂട്ടത്തെ മിണ്ടാതാക്കി എന്നു വ്യക്തം "മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു, കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു" (സദൃശവാക്യങ്ങൾ 15:1).

എന്നിരുന്നാലും, പ്രതികരണത്തിന്റെ ഏറ്റവും തൃപ്തിപ്പെടുത്തുന്ന ഭാഗം വിമർശകർ മിണ്ടാതിരുന്നു എന്നതല്ല, മറിച്ചു അവർ ദൈവത്തെ "മഹത്വപ്പെടുത്തി" എന്നതാണ് (വാക്യം 18). സംഭവിച്ചതിലെല്ലാം *ദൈവ*

കരങ്ങൾ ഉണ്ടായിരുന്നു എന്നവർ കണ്ടു, അതുകൊണ്ടു അവരും ദൈവ വഴിയിൽ നിൽക്കാൻ പാടില്ല. ആകയാൽ, അവർ തീർപ്പാക്കി, "അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം[17] നൽകിയല്ലൊ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി" (വാക്യം 18). ജാതികൾക്കും യെഹൂദന്മാർക്കും ഇടയിലുണ്ടായിരുന്ന മറ്റൊരു വൻ തടസ്സം നിക്കുമാറാക്കി.

## ഉപസംഹാരം

അടുത്ത പ്രാവശ്യം നിങ്ങളെ പരവതാനിയിലേക്കു വിളിക്കുമ്പോൾ, പ്രവൃത്തി 11-ൽ പത്രൊസിന് തൃപ്തിയായതുപോലെയാകും അതിന്റെ ഫലം എന്നു ഞാൻ പ്രത്യാശിക്കുന്നു. അങ്ങനെ ആയിരിക്കാം അല്ലായി രിക്കാം. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഫലം ഉണ്ടായില്ലെങ്കിലും (1) പത്രൊസിനെപ്പോലെ പ്രതികരിക്കയും (2) അനുഭവത്തിൽ നിന്നു നന്നായി പഠിക്കയും ചെയ്താൽ, സംഭവിച്ചത് നന്നായി എന്നു തോന്നും.

നമ്മെ പരവതാനിയിലേക്കു വിളിക്കുമ്പോൾ ക്രിസ്ത്യാനികൾ പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായി ക്കട്ടെ!

## ദൃശ്യ - സഹായക്കുറിപ്പുകൾ

മുഖവുരയായി ആരംഭത്തിലെ പദപ്രയോഗമായ "പരവതാ നിയി ലേക്കു വിളിക്കൽ," ഉപയോഗിക്കാൻ ആഗ്രഹിക്കയാണെങ്കിൽ ഒരു കഷണം പരവതാനി ദൃശ്യ സഹായത്തിനായി എടുക്കുക. പത്രൊസി നെ പരവതാനിയിലേക്കു വിളിച്ചപ്പോൾ ഉണ്ടായ പ്രതികരണത്തെ കാണി ക്കാൻ ഇടക്കിടക്കു പരവതാനിയിൽ കയറി നിൽക്കുക – നാം എങ്ങനെ പ്രതികരിക്കണമെന്നും കാണിക്കുക (പരവതാനി വിൽക്കുന്ന കടയിൽ നിന്നും സാമ്പിൾ ലഭിക്കും).

## പ്രസംഗക്കുറിപ്പുകൾ

പ്രാദേശിക ഇടവകക്കുള്ളിൽ, സഭാദ്ധ്യക്ഷന്മാർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതായി പ്രവൃത്തികളുടെ പുസ്തകത്തിൽ പലപ്പോഴും കാണാം (പ്രവൃത്തികൾ 5; 6; 11; 15). "എങ്ങനെ സഭയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ചു" ധാരാളം പ്രയോജ നകരമായ പ്രസംഗങ്ങൾ തയ്യാറാക്കാം.

കുറിപ്പുകൾ

[1]പാഠത്തിനു പറ്റിയ മറ്റൊരു തലവാചകം "പത്രൊസിനെ കണക്കു കൊടുക്കാൻ വിളിച്ചപ്പോൾ" എന്നാണ്. [2]വെസ്റ്റേൺ ടെക്സ്റ്റ് സൂചിപ്പിക്കുന്നത് പത്രൊസ് പോയിട്ട്

കുറെ ആയി വെസ്റ്റേൺ ടെക്സ്റ്റ്, റോമിലും പുറ്റുപാടും രണ്ടും നാലും നൂറ്റാണ്ടുകൾക്കുള്ളിൽ, തിരുവെഴുത്തുകളെ പകർത്തുകയും പുനഃപ്പകർത്തുകയും ചെയ്തു ഉപയോഗിച്ചിരുന്നു. വെസ്റ്റേൺ ടെക്സ്റ്റിന്റെ മുഖ്യ സവിശേഷത വികസിപ്പിക്കാനാവുന്നതായിരുന്നു. കൂട്ടിച്ചേർത്തത് ദൈവശ്വാസിയമായി കണക്കാക്കിയിരുന്നില്ല. [3]ആർഎസ്‌വിയിൽ "പരിച്ഛേദന പാർട്ടി," എന്നാൽ "പാർട്ടി" എന്നതു മൂല ഗ്രന്ഥത്തിലില്ല. [4]ഈ വേദഭാഗം പറയുന്നത് കൊർന്നെല്ല്യോസും അവന്റെഭവനത്തിലുള്ളവരും യെഹൂദമതാനുസാരികളായിരുന്നില്ല എന്നാണ്, മറിച്ച്, അവർ പരിച്ഛേദന ഏല്ക്കാത്ത "ദൈവഭയമുള്ളവർ" ആയിരുന്നു. [5]വെസ്റ്റേൺ ടെക്സ്റ്റിൽ 1-ാം വാക്യത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നതിനു വിപരീതമൊണ് രണ്ടാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. [6]*പത്രൊസി*നെ അല്ലാതെ മറ്റൊരപ്പൊസ്തലനെ, ജാതികളോടു പ്രസംഗിപ്പാൻ ദൈവം അയച്ചിരുന്നെങ്കിൽ, പത്രൊസ് *അവനെ* യെരുശലേമിൽ പരവതാനിയിലേക്കു വിളിച്ചിരിക്കും. [7]പ്രവൃത്തികൾ 2 ലെ 10:9-16, 23, 48 ലെ വ്യത്യാസം നോക്കുക. [8]ചില വ്യാഖ്യാതാക്കൾ കരുതുന്നത്, പത്രൊസിൽ വിമർശകർ അവരുടേതായ തടസ്സങ്ങൾ മാത്രമല്ല, ജാതികളെ സ്വീകരിക്കുന്ന വാർത്ത യെരുശലേമിലെ യെഹൂദന്മാരുടെ ഉപദ്രവത്തെ കൂടുതൽ ജ്വലിപ്പിക്കുമെന്നും ഭയമുളവാക്കിയിരുന്നു. വീണ്ടുമുണ്ടായ പ്രവൃത്തികൾ 12 ലെ ഉപദ്രവം തെളിയിക്കുന്നത് വിമർശകർ ഭയപ്പെട്ടിരുന്നതു വെറുതെയല്ലായിരുന്നു എന്നാണ് വ്യാഖ്യാതാക്കൾ പറയുന്നത്. [9]ലെയണാർഡ് ലൂയിസ് ലെവിൻസൺ, *വെബ്സ്റ്റേഴ്സ് അൺ അബ്രെഡ്ഡ് ഡിക്ഷണറി* (ന്യൂയോർക്ക്: കോളിയർ ബുക്ക്സ്, 1967), 57. [10]5 മുതൽ 17, വരെയുള്ള വാക്യങ്ങളുടെ വ്യാഖ്യാനത്തിനു പ്രവൃത്തികൾ 2-ാം ലക്കത്തിലെ കൊർന്നെല്ല്യോസിന്റെ പരിവർത്തനം എന്ന പാഠം നോക്കുക.

[11]യെഹെസ്കേൽ 4:14 ലെ യെഹെസ്കേലിന്റെ എതിർപ്പുമായി പത്രൊസിന്റെ തിരസ്ക്കരണം താരതമ്മ്യം ചെയ്യുക. [12]പത്രൊസ് പ്രതിരോധത്തിന് കൊർന്നെല്ല്യോസിന്റെ സ്വഭാവവൈശിഷ്ട്യത്തെ പറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. കൊർന്നെല്ല്യോസ് നല്ലവനാണോ അല്ലയോ എന്നൊന്നും പത്രൊസിന്റെ വിമർശകർ നോക്കുന്നില്ല; പത്രൊസ് അവനോടൊപ്പം ഭക്ഷിച്ചതിനെ അവർ എതിർക്കുവാൻ ഒരു കാരണം അവൻ ജാതിയായിരുന്നു എന്നതാണ്. [13]"നമുക്ക്" എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെയാണ്. "പ്രവൃത്തികൾ 2-ാം ലക്കത്തിലെ" അവസാന രണ്ട് അദ്ധ്യായങ്ങളിലെ കുറിപ്പുകൾ നോക്കുക. [14]ഇതു പ്രവൃത്തികൾ 2 ലെ പെന്തെക്കൊസ്തു നാൾ ആണ്. "പ്രവൃത്തികൾ 2"-ാം ലക്കത്തിലെ അവസാനത്തെ രണ്ടു അദ്ധ്യായങ്ങളിലെ കുറിപ്പുകൾ നോക്കുക. [15]മൂലഗ്രന്ഥത്തിൽ, "കർത്താവായ ക്രിസ്തുവിൽ വിശ്വസിച്ച ശേഷം" എന്ന പദപ്രയോഗം "നമുക്ക്" മോഡി പിടിപ്പിച്ചു, അപ്പൊസ്തലന്മാർ എന്നാക്കി. എൻഐവിയിൽ "കർത്താവായ യേശുവിൽ വിശ്വസിച്ച നമുക്കു തന്നതുപോലെ" എന്നാണ് (കെജെവി, ആർഎസ്‌വി, എഎസ്‌വി മുതലായവ). [16]പത്രൊസിനെ പരവതാനിയിലേക്കു വിളിച്ചപ്പോൾ അവൻ *ചെയ്തതും ചെയ്യാത്തതു*മായവയെ കുറിച്ചു സമയം എടുത്ത് പുനരാവർത്തനം നടത്തുക. [17]രണ്ടു കാരണങ്ങൾകൊണ്ടു മാനസാന്തരത്തെ ദാനമായി ഇവിടെ പറയുന്നു: (1) ദൈവം ജാതികൾക്ക് മാനസാന്തരപ്പെടുവാനുള്ള അവസരം കൊടുക്കയും, (2) മാനസാന്തരം പുറപ്പെടുവിക്കുന്നതിനു വേണ്ടത് അവൻ നല്കുകയും ചെയ്തു അതായത് (സുവിശേഷം).